(ബി) രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി, ശ്രീ ചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് ആന്റ് ടെക്നോളജി, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റർഡിസിപ്ലിനറി സയൻസ് ആന്റ് ടെക്നോളജി, ഇന്ത്യൻ സ്പേസ് റിസർച്ച് ഓർഗനൈസേഷൻ തുടങ്ങിയ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ സംസ്ഥാന സർക്കാർ അവലോകനം ചെയ്തിട്ടുണ്ടോ;

(സി) പ്രസ്തുത സ്ഥാപനങ്ങളിലെ അധ്യാപകരുടെ സേവനവും സ്ഥാപനങ്ങളുടെ സാങ്കേതിക സഹകരണവും ഉന്നത വിദ്യാഭ്യാസമേഖലയ്ക്ക് ലഭിക്കുന്നതിനാവശ്യമായ ഇടപെടൽ നടത്തുമോ?

<u>ഉത്തരം</u>

(എ-സി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന, കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളുടെ പഠന ഗവേഷണ സൗകര്യങ്ങൾ കേരളത്തിലെ വിദ്യാർത്ഥികൾക്കും ഗവേഷകർക്കും എത്രത്തോളം പ്രയോജനപ്പെടുന്നുവെന്ന് പ്രത്യേകം പരിശോധന നടത്തിയിട്ടില്ല. കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി, ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റർഡിസിപ്ലിനറി സയൻസ് ആന്റ് ടെക്നോളജി, ഇന്ത്യൻ സ്പേസ് റിസർച്ച് ഓർഗനൈസേഷൻ എന്നീ സ്ഥാപനങ്ങൾ ദേശീയ/അന്തർദ്ദേശീയ പ്രാധാന്യമുള്ള കേന്ദ്ര സർക്കാർ സ്ഥാപനങ്ങളാണ്. ടി സ്ഥാപനങ്ങളുടെ സേവനവും സാങ്കേതിക സഹകരണവും കേരളത്തിലെ വിദ്യാർത്ഥികൾക്കും ഗവേഷകർക്കും ലഭ്യമാകും വിധം ഈ സ്ഥാപനങ്ങളുടെ സേവനം ഉപയോഗപ്പെടുത്തേണ്ടതുണ്ട്.

**പരിയാരം വില്ലേജിനെ പരിസ്ഥിതിലോല പ്രദേശ പട്ടികയിൽനിന്നും ഒഴിവാക്കുന്നതിനു നടപടി**

44(6350) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കസ്തൂരി രംഗൻ റിപ്പോർട്ടിൽ പരിസ്ഥിതിലോല പ്രദേശമായി ഉൾപ്പെട്ടിട്ടുണ്ടായിരുന്ന പരിയാരം വില്ലേജിനെ അതിരപ്പിള്ളി, പരിയാരം എന്നീ രണ്ടു വില്ലേജുകളാക്കി വിഭജിക്കപ്പെട്ട സാഹചര്യത്തിൽ പുതിയ പരിയാരം വില്ലേജിനെ പരിസ്ഥിതിലോല പ്രദേശ പട്ടികയിൽനിന്ന് ഒഴിവാക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) അപേക്ഷകളിൻമേലുള്ള നടപടികൾ ഏതു ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ;

(സി) പരിയാരം വില്ലേജിനെ പരിസ്ഥിതി ലോല പ്രദേശ പട്ടികയിൽനിന്നും ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

<u>ഉത്തരം</u>

(എ-സി) പുതിയ പരിയാരം വില്ലേജിനെ പരിസ്ഥിതിലോല പട്ടികയിൽ നിന്ന് ഒഴിവാക്കണമെന്ന് 4-11-2015 തീയതിയിലെ 3812/എ 2/2015/പരി. നമ്പർ സർക്കാർ കത്ത് മുഖേന കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**എൽ.ബി.എസ്.-ൽ ഗസ്റ്റ് ലക്ചറർ നിയമനം**

45(6351) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.ബി.എസ്.-ൽ ഗസ്റ്റ് ലക്ചറർ അടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(ബി) ഗസ്റ്റ് ലക്ചറർ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട്, ഇന്റർവ്യൂവിൽ പങ്കെടുത്ത്, മെരിറ്റിൽ ആദ്യസ്ഥാനത്തെത്തിയവർക്ക്, മുൻകാലത്ത് കരാർ വ്യവസ്ഥയിൽ പ്രസ്തുത സ്ഥാപനത്തിൽ ജോലി ചെയ്തിട്ടുണ്ടെന്നുള്ള കാരണത്താൽ നിയമനം നൽകാതിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മുൻകാലത്ത് കരാർ വ്യവസ്ഥയിൽ ജോലി ചെയ്തവരെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടാൽ ഒഴിവാക്കണമെന്നുള്ള ഏതെങ്കിലും സർക്കാർ ഉത്തരവ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ വിശദാംശം വ്യക്തമാക്കാമോ;

<u>ഉത്തരം</u>

(എ) എൽ.ബി.എസ്. സെന്റർ നടത്തിവരുന്ന വിവിധ കോഴ്സുകൾക്ക് അദ്ധ്യാപകരായി ഗസ്റ്റ് ലക്ചറർമാരെ നിയമിക്കുന്നതിന് കോഴ്സുകൾക്കനുസരിച്ചുള്ള മാനദണ്ഡങ്ങളാണുള്ളത്. പി.ജി.ഡി.സി.എ. കോഴ്സ് പഠിപ്പിക്കുന്നതിലേക്കായി എം.ടെക്/ബി.ടെക്/എം.സി.എ. ബിരുദവും ഇവരുടെ അഭാവത്തിൽ പി.ജി.ഡി.സി.എ. ഫസ്റ്റ് ക്ലാസിൽ പാസ്സായവരേയും പരിഗണിക്കുന്നതാണ്. കമ്പ്യൂട്ടറൈസ്ഡ് ഫിനാൻഷ്യൽ അക്കൗണ്ടിംഗ് യൂസിംഗ് ടാലി പഠിപ്പിക്കുന്നതിന് എം.കോം+ ഡി.സി.എഫ്.എ.+ഒരു വർഷത്തെ പ്രവൃത്തി പരിചയം ഉള്ളവരെയാണ് പരിഗണിക്കുന്നത്. ഹാർഡ്‌വെയർ കോഴ്സുകൾ പഠിപ്പിക്കുന്നതിന് ബി.ടെക് ഇൻ കമ്പ്യൂട്ടർ സയൻസ് ബിരുദധാരികളെയും ഇവരുടെ അഭാവത്തിൽ ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ഹാർഡ്‌വെയർ മെയിന്റനൻസ് ഉള്ളവരെയും നിയമിക്കാറുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) അത്തരം ഉത്തരവുകളൊന്നും നിലവിലില്ല.